Draft #2 of File 15513/AD A4/4/2019/AD A 4 Approved by ASSISTANT REGISTRAR I (ADMIN) on 01-Jan-2020 02:42 PM - Page 1

150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM
विद्यया अमृतमश्नुते

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

സർവ്വകലാശാല എൻജിനീയറിംഗ് യൂണിറ്റ് - സബ് സ്റ്റേഷനിൽ ജോലി ചെയ്യുന്ന ഇലക്ട്രീഷ്യന്മാരുടെ ഡ്യൂട്ടിയും വേതനവും പഴയ രീതിയിൽ നിജപ്പെടുത്തിയും, 2018 നവംബർ മുതൽ ലഭിക്കാനുള്ള ബാക്കി വേതനം നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭരണ വിഭാഗം എ 4 സെക്ഷൻ**

നമ്പർ. 17/AD A 4/2020/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 01.01.2020

---

പരാമർശം:-1. സർവ്വകലാശാല എൻജിനീയറുടെ 29.04.2019 തീയതിയിലെ ഇ.യു./എ.ബി/129/274/19 നമ്പർ കത്ത്.
2. ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ 04.08.1998 തീയതിയിലെ B1.34998/86/CEI നമ്പർ സർക്കുലർ.
3. ബഹു. വൈസ് ചാൻസലറുടെ 23.12.2019 തീയതിയിലെ ഉത്തരവ്.

**ഉത്തരവ്**

സർവ്വകലാശാല സബ് സ്റ്റേഷനിൽ ഇലക്ട്രീഷ്യന്മാർ അവധി ദിവസങ്ങൾ ഉൾപ്പെടെ 24 മണിക്കൂർ ജോലി ചെയ്യുന്ന സാഹചര്യമാണുള്ളത്. ടി അടിയന്തിര സാഹചര്യം കണക്കിലെടുത്തും ഒരു ഷിഫ്റ്റിൽ രണ്ട് ഇലക്ട്രീഷ്യന്മാർ ഉണ്ടാകണമെന്ന പരാമർശം (2) പ്രകാരമുള്ള ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് റൂൾ അനുസരിച്ചും സബ് സ്റ്റേഷനിലെ അഞ്ച് ഇലക്ട്രീഷ്യന്മാരെ ഉൾപ്പെടുത്തി ഡ്യൂട്ടി തയ്യാറാക്കുമ്പോൾ ഒരു ഇലക്ട്രീഷ്യന് 30 - ൽ അധികം ഡ്യൂട്ടി വരാറുണ്ടെന്നും അങ്ങനെ 2018 ഒക്ടോബർ വരെ ടി ഇലക്ട്രീഷ്യന്മാർ ഡ്യൂട്ടി ചെയ്ത് വേതനം കൈപ്പറ്റിയിരുന്നതായും സർവ്വകലാശാല എൻജിനീയർ പരാമർശം (1) പ്രകാരം അറിയിച്ചിരുന്നു.

എന്നാൽ, 2018 നവംബർ മുതൽ ക്യാമ്പസിലെ മറ്റ് തൊഴിലുകളിൽ ഏർപ്പെടുന്ന ദിവസക്കൂലി ജീവനക്കാരുടെ രീതിയിൽ ഒരു മാസം 27 ഡ്യൂട്ടി എന്ന് നിജപ്പെടുത്തിയിരിക്കുന്നതിനാൽ 2018 നവംബർ മുതൽ ചെയ്ത ഡ്യൂട്ടിയുടെ മുഴുവൻ വേതനവും ഇലക്ട്രീഷ്യന്മാർക്ക് ലഭിക്കുന്നില്ലെന്നും ടി കത്തിൽ പരാമർശിച്ചിരുന്നു.

സബ് സ്റ്റേഷനിൽ ജോലി ചെയ്യുന്ന ഉത്തരവാദിത്തം പരിഗണിച്ചും ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് റൂൾ അനുസരിച്ചും സബ് സ്റ്റേഷനിൽ ജോലി ചെയ്യുന്ന ഇലക്ട്രീഷ്യന്മാരുടെ ഡ്യൂട്ടിയും വേതനവും പഴയ രീതിയിൽ നിജപ്പെടുത്തണമെന്നും 2018 നവംബർ മുതൽ ലഭിക്കാനുള്ള ബാക്കി വേതനം നൽകണമെന്നും സർവ്വകലാശാല എൻജിനീയർ പരാമർശം (1) പ്രകാരം അപേക്ഷിച്ചിരുന്നു.

ആയത് പരിഗണിച്ച്, സർവ്വകലാശാല സബ് സ്റ്റേഷനിൽ ജോലി ചെയ്യുന്ന ഇലക്ട്രീഷ്യന്മാരുടെ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

ഡ്യൂട്ടിയും വേതനവും പഴയ രീതിയിൽ നിജപ്പെടുത്തിയും 2018 നവംബർ മുതൽ ലഭിക്കാനുള്ള ബാക്കി വേതനം നൽകുന്നത് അനുവദിച്ചും പരാമർശം (3) പ്രകാരം ബഹു. വൈസ് ചാൻസലർ ഉത്തരവായിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

പ്രേംകുമാർ ആർ

അസിസ്റ്റന്റ് രജിസ്ട്രാർ 1 (ഭരണ വിഭാഗം)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. വൈസ് ചാൻസലർ, പ്രോ - വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
2. രജിസ്ട്രാർ, ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എ മാർ
3. സർവ്വകലാശാല എൻജിനീയർ
4. എൻജിനീയറിംഗ് യൂണിറ്റ്/ഫിനാൻസ് 1/ഓഡിറ്റ് V/ജനറൽ കാഷ്
5. എ.ആർ - 1/ഡി.ആർ - 1/ജെ.ആർ - 1 (ഭരണ വിഭാഗം)
6. ഐ.ക്യൂ.എ.സി/സി.എം.എസ്/കെ.എസ്.എ ഡിപ്പാർട്ട്മെന്റ്
7. സ്റ്റാറ്റിസ്റ്റിക്കൽ യൂണിറ്റ്/ റെക്കോർഡ്സ്

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #2 of File 15513/AD A4/4/2019/AD A 4 Approved by ASSISTANT REGISTRAR I (ADMIN) on 01-Jan-2020 02:42 PM - Page 2